(ബി) ഇത്തരം അപേക്ഷകർക്ക് ഈ സാമ്പത്തിക വർഷത്തിൽ തന്നെ മുൻഗണന നൽകുവാൻ ബോർഡിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

*72 [79] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തു തെരഞ്ഞെടുപ്പ് ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ്;

(സി) അപ്രകാരം സ്റ്റേ ചെയ്യുവാൻ ഹൈക്കോടതി എന്തു കാരണമാണ് പറഞ്ഞിട്ടുള്ളത്;

(ഡി) അപ്രകാരം സ്റ്റേ ചെയ്യപ്പെട്ടിടത്തെല്ലാം പഞ്ചായത്തു തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) മൂന്നു പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്യുകയുണ്ടായി.

(ബി) പരപ്പനങ്ങാടി, തൈക്കാട്, മൂളിയാർ.

(സി) സ്റ്റേ ചെയ്യുന്നതിനു ഹൈക്കോടതി പ്രത്യേക കാരണം കാണിച്ചിട്ടില്ല. സ്റ്റേ താൽക്കാലികമായിരുന്നു. അതു പിന്നീട് പിൻവലിക്കുകയുണ്ടായി.

(ഡി) തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

ഗ്രാമീണ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ

* 73 [80] ശ്രീ. സുകുമാരനുണ്ണി

,, കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസാ സൗകര്യങ്ങൾ ലഭിക്കാൻ ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേയ്ക്ക് എന്തെങ്കിലും പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഏകദേശ രൂപം വ്യക്തമാക്കാമോ?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ്മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഗ്രാമീണ ജനങ്ങൾക്ക് ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നത് മുഖ്യമായും ഗ്രാമീണ ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വഴിയാണ്.

LIBRARY ARCHIVES Kerala Legislative Assembly